**പതിനാലാം കേരള നിയമസഭാ**
**അഞ്ചാം സമ്മേളനം**
**ചോദ്യം നം. 4719 19.05.2017-ലെ മറുപടിക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. എ. കെ. ബാലൻ**<br>**ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) നിയമ വകുപ്പിൽ എത്ര ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ; | നിലവിൽ നിയമവകുപ്പിൽ 24 ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട്. |
| ബി) സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലല്ലാതെ ഏതെല്ലാം വകുപ്പുകളിൽ ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകളുണ്ട് ; | കേരള ഔദ്യോഗിക ഭാഷാ (നിയമ നിർമ്മാണ) കമ്മീഷൻ, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം, തിരുവനന്തപുരം ഫോറസ്റ്റ് ചീഫ് കൺസർവേറ്ററുടെ കാര്യാലയം എന്നിവിടങ്ങളിൽ ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുണ്ട്. ഈ കാര്യാലയങ്ങളിൽ നിയമവകുപ്പിൽ നിന്നും അദർ ഡ്യൂട്ടിയിൽ ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കുകയാണ് ചെയ്യുന്നത്. |
| സി) പ്രസ്തുത തസ്തികയ്ക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ; | പ്രസ്തുത തസ്തികകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. 17 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7 എണ്ണം റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| ഡി) ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ? | സെക്രട്ടേറിയറ്റ് നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള ചുരുക്കപ്പട്ടിക പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. 17 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 7 എണ്ണം റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.